STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.111/PR/SPMC/PHQ/2026 Date:27.02.2026

## 74-ാംമത് ആൾ ഇന്ത്യ പോലീസ് വോളിബോൾ ക്ലസ്റ്റർ 2025-26 മത്സരങ്ങൾക്ക് വർണ്ണാഭമായ സമാപനം

74-ാംമത് ആൾ ഇന്ത്യ പോലീസ് വോളിബോൾ & സെപാക് തക്രാ ക്ലസ്റ്റർ ടൂർണമെന്റിന് ആഘോഷപൂർണമായ ചടങ്ങുകളോടെ തിരുവനന്തപുരത്ത് സമാപനം.

ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ മുഖ്യാതിഥിയായിരുന്നു. ആൾ ഇന്ത്യ പോലീസ് സ്പോർട്സ് കൺട്രോൾ ബോർഡ് ഡയറക്ടറെ പ്രതിനിധീകരിച്ച് കേന്ദ്ര ഇൻറലിജൻസ് ബ്യൂറോ സ്പെഷ്യൽ ഡയറക്ടർ അർവിന്ദ് കുമാർ ചടങ്ങിൽ പങ്കെടുത്തു.

തിരുവനന്തപുരത്തെ വിവിധ വേദികളിലായി അഞ്ചു ദിവസം നീണ്ടുനിന്ന വാശിയേറിയ മത്സരങ്ങൾക്കൊടുവിൽ വോളിബോൾ പുരുഷ വിഭാഗത്തിൽ കേരള പോലീസ് സുവർണ കിരീടം നിലനിർത്തി. കഴിഞ്ഞ വർഷവും കേരള പോലീസായിരുന്നു ജേതാക്കൾ. കേരളവും സി.ഐ.എസ്.എഫും തമ്മിലുള്ള വാശിയേറിയ പോരാട്ടത്തിനൊടുവിൽ ഏകപക്ഷീയമായ മൂന്നു സെറ്റുകൾ (25-23) (25-18) (25-22) നേടി കേരള പോലീസ് വിജയകിരീടം ചൂടി. പുരുഷ വിഭാഗത്തിൽ സി.ഐ.എസ്.എഫിനാണ് രണ്ടാം സ്ഥാനം. മൂന്നാം സ്ഥാനം തമിഴ്നാടിനും ലഭിച്ചു. മികച്ച പുരുഷ വോളിബാൾ താരത്തിനുള്ള പുരസ്കാരം കേരള ടീമിലെ മുഹമ്മദ് മുബാഷീർ കരസ്ഥമാക്കി.

വനിതാ വിഭാഗത്തിൽ സി.ആർ.പി.എഫിനെ തോൽപ്പിച്ച് രാജസ്ഥാൻ ടീം സുവർണ നേട്ടം കരസ്ഥമാക്കി.വാശിയേറിയ പോരാട്ടത്തിൽ സി.ആർ.പി.എഫ് പരമാവധി സ്കോർ ചെയ്യാൻ ശ്രമിച്ചെങ്കിലും (9-25) (24-26) (25-18) (25-23) (15-12) എന്നീ മൂന്ന് സെറ്റുകൾ ജയിച്ച് രാജസ്ഥാൻ കിരീടം ചൂടി. രാജസ്ഥാൻ പോലീസ് ടീമംഗമായ പൂജയാണ് മികച്ച വനിതാ താരം. രണ്ടാം സ്ഥാനം സി.ആർ.പി.എഫിനും മൂന്നാം സ്ഥാനം കേരളത്തിനും ലഭിച്ചു.

സെപക് തക്രാ മത്സരങ്ങളുടെ പുരുഷ വിഭാഗത്തിൽ എസ്.എസ്.ബി.കിരീടം ചൂടി. വാശിയേറിയ ഫൈനൽ മത്സരത്തിനൊടുവിൽ ഏകപക്ഷീയമായ രണ്ടു സെറ്റുകൾക്കാണ് സി.ഐ.എസ്.എഫിനെ എസ്.എസ്. ബി. ടീം പരാജയപ്പെടുത്തിയത്.

സെപക് തക്രാ വനിതാ വിഭാഗത്തിലും എസ്.എസ്.ബി സുവർണ കിരീടം നേടി.

വോളിബോൾ, സെപാക് തക്രാ മത്സരങ്ങളിൽ വിജയികളായ വനിതാ, പുരുഷ ടീമുകൾ, മികച്ച വനിതാ താരം, പുരുഷ താരം എന്നിവർക്കുള്ള പുരസ്കാര വിതരണം സംസ്ഥാന പോലീസ് മേധാവി ചടങ്ങിൽ നിർവ്വഹിച്ചു. മേൽ പുരസ്കാരങ്ങൾ കൂടാതെ മാർച്ച് പാസ്റ്റിൽ പങ്കെടുത്ത വിവിധ ടീമുകളിൽ നിന്നും മികച്ച കണ്ടിജൻറിനുള്ള സ്പെഷ്യൽ അവാർഡിന് കർണാടക പോലീസ് ടീം അർഹമായി.


കായികമേളയിൽ പങ്കെടുത്ത വിവിധ സേനാവിഭാഗങ്ങളുടെ മാർച്ച് പാസ്റ്റ്, വിവിധ സംസ്ഥാനങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടുള്ള കലാരൂപങ്ങൾ അടങ്ങിയ ഘോഷയാത്ര ചടങ്ങിന് മാറ്റുകൂട്ടി. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലും നിന്നുമുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് പുറമെ അസാം റൈഫിൾസ്, BSF,CISF,CRPF,ITBP,RPF,SSB തുടങ്ങിയ 33 സേന വിഭാഗങ്ങളിൽ നിന്നുമുള്ള ടീമുകളാണ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തത്. 33

സേനാവിഭാഗങ്ങളെ പ്രതിനിധീകരിച്ചുള്ള 1105 ഉദ്യോഗസ്ഥർ മത്സരത്തിൽ പങ്കെടുത്തു. ഇതിൽ 767 പുരുഷന്മാരും 338 സ്ത്രീകളും ഉൾപ്പെടുന്നു.

മത്സരത്തിൻെറ സംഘാടന ചുമതലയുള്ള ഡി.ജി.പി മനോജ് എബ്രാഹം (ചെയർമാൻ), പോലീസ് ആസ്ഥാനം എ.ഡി.ജി.പി എസ്. ശ്രീജിത്ത് (ഓർഗനൈസിംഗ് സെക്രട്ടറി), ആംഡ് പോലീസ് ബറ്റാലിയൻ എ.ഡി.ജി.പി ദിനേന്ദ്ര കശ്യപ് പോലീസ് ആസ്ഥാനത്തെ മുതിർന്ന ഓഫീസർമാർ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

**********************************


OSING
EMONY
zad Chandra Sekhar IPS
State Police Chief, Kerala
Other Sponsors
CLUSTER
KERALA ROAD FUND BOARD
IndianOil


74th
ALL INDIA POLICE
VOLLEYBALL
CLUSTER 2025-26
CLOSING
CEREMONY
CIAL


74th
ALL INDIA POLICE
VOLLEYBALL
CLUSTER 2025-26
VOLLEYBALL & SEPAK TAKRAW
February 27, 2026 | CSN Stadium, Thiruvananthapuram
CLOSING CEREMONY
Ravada Azad Chandra Sekhar
DGP & State Police Chief, Kerala
Platinum Sponsor
Gold Sponsors
Silver Sponsors
Canara Bank
74th ALL INDIA POLICE
VOLLEYBALL
CLUSTER


74th
ALL INDIA POLICE
VOLLEYBALL
CLUSTER 2025-26
CLOSING
CEREMONY
Platinum Sponsor
SBI
CIAL


ALL INDIA POLICE
VOLLEYBALL
CLUSTER 2025-26
CEREMONY
Platinum Sponsor
KALYAN